കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര ഗ്രാമുഖത്തിന് VGF(Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്രസർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) മുൻ കേന്ദ്ര സർക്കാരിനോടും ഇതിൽ ബഹുഭൂരിപക്ഷം ആവശ്യങ്ങളും നിവേദനങ്ങളിലൂടെ ആവശ്യപ്പെടുകയും ആയതിൽ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന എല്ലാ കാര്യങ്ങളിലും മുൻ കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ സമീപനമാണ് ലഭിച്ചിരുന്നത്.

സെക്രട്ടേറിയറ്റിലെ ഇ-ഓഫീസ് സംവിധാനം

41 (41) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയ ഇ-ഓഫീസ് സംവിധാനത്തിലെ ന്യൂനതകൾ പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത സംവിധാനത്തിൽ ഫയലുകളുടെ നീക്കങ്ങൾ ജനങ്ങൾക്ക് നേരിട്ട് മനസ്സിലാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ ;

(സി) പ്രസ്തുത സംവിധാനം ഹാക്കിംഗ് പോലുള്ള പ്രശ്നങ്ങളിൽനിന്നും പൂർണ്ണമായും സംരക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങൾ തേടുകയും അവയ്ക്ക് മൻഗണന നൽകുകയും ചെയ്തിട്ടുണ്ട്. അവയിൽ പ്രാധാന്യമുള്ള ചിലത് ചുവടെ പറഞ്ഞിരിക്കുന്നു:

1. മലയാളം ലിപി പകർത്തുന്നതിലുള്ള ബുദ്ധിമുട്ട്.
2. കുറിപ്പുകൾ എഡിറ്റ് ചെയ്യുമ്പോൾ ഡ്രാഫ്റ്റുകൾ കാണാൻ കഴിയുന്ന സംവിധാനം.
3. ടെക്സ്റ്റ് എഡിറ്ററിലുള്ള അലൈൻമെന്റ് പ്രശ്നങ്ങൾ കൂടുതൽ ടെക്സ്റ്റ് എഡിറ്റിംഗ് സംവിധാനങ്ങൾ ഉൾപ്പെടുത്തണം.
4. എല്ലാ ഓഫീസർമാർക്കും തപാൽ ട്രാക്കിംഗ് സംവിധാനം.
5. ഓഫീസർമാർക്ക് ടെമ്പ്ലേറ്റുകൾ നിർമ്മിക്കാനുള്ള സൗകര്യം.
6. ഫയലുകൾ അയക്കുവാനായി ഓഫീസർമാരുടെ പദവി ടി.ഒ. ലിസ്റ്റിൽ ഉൾപ്പെടുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

ഡൽഹിയിൽ നിന്നുള്ള എൻ.ഐ.സി. ടീമുമായി ഒന്നിലധികം മീറ്റിംഗുകൾ നടത്തുകയും തുടർന്ന വളരെ പ്രാധാന്യമുള്ള പ്രശ്നങ്ങൾ സോഫ്റ്റ്വെയറിന്റെ തുടർ വേർഷനുകളിൽ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പൊതുജനങ്ങൾക്ക് ഫയലുകൾ ട്രാക്ക് ചെയ്യുന്നതിന് ഇ-ഓഫീസിന്റെ സിറ്റിസൺ ഇൻറർഫേസ് ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഫയലുകൾ സെർച്ച് ചെയ്യുവാനുള്ള സൗകര്യവും ഫയലിന്റെ പുരോഗതി അറിയുവാൻ ആവശ്യമായ വിവരങ്ങളും ഈ ഇൻറർഫേസ് നൽകുന്നു.

(സി) സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം, എൻ.ഐ.സി.യിൽ 2-1-2014-ൽ സെക്യൂരിറ്റി ഓഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതുകൂടാതെ ഇ-ഓഫീസ് KSWAN നെറ്റ്വർക്കിൽ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇന്റർനെറ്റിൽ ലഭ്യമല്ല. ഓഫീസിന്റെ പുറത്ത് നിന്നോ വീടുകളിൽ നിന്നോ ഇ-ഓഫീസ് ഉപയോഗിക്കേണ്ട ഉദ്യോഗാർത്ഥർക്ക് വിർച്ച്വൽ പ്രൈവറ്റ് നെറ്റ്വർക്ക് (VPN) വഴി ഇന്റർനെറ്റിലൂടെ സുരക്ഷിതമായി ഉപയോഗിക്കാവുന്നതാണ്.

കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നത്

42 (42) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുകളിലും പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചു കൂട്ടി പുരോഗതി വിലയിരുത്താറുണ്ടോ ;

(ബി) കഴിഞ്ഞമാസം പുരോഗതി വിലയിരുത്തിയിട്ടില്ലാത്ത വകുപ്പുകൾ ഏത് ;

(സി) എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ അവലോകനം ചെയ്ത് സമഗ്ര റിപ്പോർട്ടുകൾ തയ്യാറാക്കാൻ തീരുമാനം ഉണ്ടായിരുന്നുവോ; എങ്കിൽ ഏറ്റവും ഒടുവിൽ തയ്യാറാക്കപ്പെട്ട എല്ലാ വകുപ്പുകളിലെയും കെട്ടിക്കിടക്കുന്ന ഫയലുകൾ സംബന്ധിച്ച സമഗ്ര റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; ഏറ്റവും ഒടുവിൽ സമഗ്ര റിപ്പോർട്ട് തയ്യാറാക്കിയത് ഏത് തീയതിയിലാണ് ?

ഉത്തരം

(എ & ബി) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകമായി നീക്കിവയ്ക്കുകയും അന്നേദിവസം മേലുദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സാധ്യമായ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly